പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 269

# 2025-ലെ കേരള വന (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 269

# 2025-ലെ കേരള വന (ഭേദഗതി) ബിൽ

889/2025.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 269

# 2025-ലെ കേരള വന (ഭേദഗതി) ബിൽ

1961-ലെ കേരള വന ആക്റ്റ് വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1961-ലെ കേരള വന ആക്റ്റ് (1962-ലെ 4) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള വന (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—1961-ലെ കേരള വന ആക്റ്റിലെ (1962-ലെ 4) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 2-ാം വകുപ്പിൽ, (സി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സി) "വനം ഉദ്യോഗസ്ഥൻ" എന്നാൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായോ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായോ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായോ ഫോറസ്റ്റ് കൺസർവേറ്ററായോ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററായോ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററായോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായോ വൈൽഡ് ലൈഫ് വാർഡനായോ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനായോ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായോ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായോ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായോ തടി ഡിപ്പോ ഓഫീസറായോ ബീറ്റ് ഫോറസ്റ്റ് ഓഫീസറായോ വാച്ചറായോ അല്ലെങ്കിൽ ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ പ്രകാരം വനം ഉദ്യോഗസ്ഥന്റെ ഏതെങ്കിലും ചുമതല നിർവഹിക്കുവാനായോ പേരു പറഞ്ഞോ, ഗവൺമെന്റിന്റെ ഉത്തരവുകൾ മൂലമോ ഉത്തരവുകൾ പ്രകാരമോ, ഉദ്യോഗം വഹിക്കാനോ നിയമിക്കപ്പെടുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു;".

3. 47 ബി വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 47 ബി വകുപ്പ് (2)-ാം ഉപവകുപ്പിൽ,—

(എ) "തന്റെ സ്വന്തം ഉപയോഗത്തിനായി ഒരു കെട്ടിടം പണിയുന്നതിനായി ആ പ്രദേശം വൃത്തിയാക്കുന്നതിലേക്കായി കഴിയുന്ന തരത്തിൽ മരം മുറിക്കുന്നതിനാണെങ്കിലോ" എന്നീ വാക്കുകൾക്ക് ശേഷം "അല്ലെങ്കിൽ വനം വകുപ്പ് മുഖേന വിൽപന നടത്തുന്നതിനാണെങ്കിലോ അല്ലെങ്കിൽ ഈ ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, മറ്റേതെങ്കിലും സദുദ്ദേശപരമായ ഉപയോഗത്തിനാണെങ്കിലോ, മരത്തിന്റെ പ്രായഭേദമെന്യേ," എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ബി) നിലവിലെ ക്ലിപ്തനിബന്ധനയ്ക്കു പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, (2)-ാം ഉപവകുപ്പ് പ്രകാരമുള്ള വിൽപനയ്ക്കും സദുദ്ദേശപരമായ ഉപയോഗത്തിനുമുള്ള വ്യവസ്ഥ, അങ്ങനെയുള്ള ഭൂമി നൽകുന്ന സമയത്ത് സർക്കാർ റിസർവ് ചെയ്തിട്ടുള്ള ചന്ദനമരങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ അതിനോ 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിന്റെ (1986-ലെ 35) 5-ാം വകുപ്പിൻകീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ഭൂമിയിൽ നിൽക്കുന്ന ചന്ദനമരങ്ങൾക്കോ 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റിൻ (2005-ലെ 21) കീഴിൽ സൂക്ഷിപ്പുകാരൻ വിജ്ഞാപനം ചെയ്ത പ്രദേശങ്ങൾക്കോ ബാധകമാകുന്നതല്ല." .

4. 47 ഇ വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 47 ഇ വകുപ്പിൽ,—

(എ) മാർജിനൽ ശീർഷകത്തിൽ, "പ്രാധികാരം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾക്കു പകരം "വനം വകുപ്പ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "പ്രാധികാരം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾക്കു പകരം "വനം വകുപ്പ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

5. 53-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 53-ാം വകുപ്പിൽ, "റെയിഞ്ചരുടെ" എന്ന വാക്കിനു പകരം "റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

6. 64-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 64-ാം വകുപ്പിൽ, "റേഞ്ചരുടെ" എന്ന വാക്കിനു പകരം "റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

7. 68-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 68-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ പദവിയിൽ കുറയാത്ത ഏതൊരു വനം ഉദ്യോഗസ്ഥനും,—

(എ) 62-ാം വകുപ്പോ 65-ാം വകുപ്പോ പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റമല്ലാത്ത വനം സംബന്ധമായ ഏതെങ്കിലും കുറ്റം ചെയ്തതായി ന്യായമായും സംശയിക്കപ്പെട്ടിരിക്കുന്ന ഏതൊരാളിൽനിന്നും, ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ പ്രകാരം കുറ്റത്തിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള പരമാവധി പിഴത്തുകയ്ക്ക് തുല്യമായ ഒരു തുക, അയാൾ ചെയ്തിരിക്കാവുന്ന കുറ്റത്തിനു നഷ്ടപരിഹാരമായി സ്വീകരിക്കാവുന്നതും, കണ്ടുകെട്ടേണ്ടതായ ഏതെങ്കിലും വസ്തു പിടിച്ചെടുത്തിട്ടുള്ളിടത്ത് അങ്ങനെയുള്ള ഉദ്യോഗസ്ഥൻ അതിന് കണക്കാക്കുന്ന പ്രകാരമുള്ള വില കൊടുക്കുന്നപക്ഷം അതു വിട്ടുകൊടുക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള വസ്തു ഗവൺമെന്റിലേക്ക് കണ്ടുകെട്ടുകയോ ചെയ്യാവുന്നതാണ്;

(ബി) പ്രോസിക്യൂഷൻ നടപടി ആരംഭിച്ചതിനു ശേഷം, കുറ്റം ചുമത്തപ്പെട്ട ആളുടെ ഒരു അപേക്ഷയിന്മേൽ, 62-ാം വകുപ്പോ 65-ാം വകുപ്പോ പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റമല്ലാത്ത അങ്ങനെയുള്ള കുറ്റം ചുമത്തപ്പെട്ട ആൾക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള ഏതൊരു കുറ്റവും, (എ) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിരിക്കുന്ന വിധത്തിലുള്ള തുകയും വസ്തുവിന്റെ വിലയും സ്വീകരിച്ചുകൊണ്ട്, കോടതിയുടെ അനുമതിയോടെ രാജിയാക്കാവുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരം ഒരു കുറ്റം രാജിയാക്കിയാൽ തന്നെയും, രണ്ടാമത്തെയോ പിന്നീടുള്ളതോ ആയ കുറ്റമാണോ ചെയ്തിട്ടുള്ളത് എന്ന് നിശ്ചയിക്കുന്ന ആവശ്യത്തിലേയ്ക്കായി അതേ കുറ്റം മുൻപ് ചെയ്തിട്ടുള്ളതായി കരുതപ്പെടേണ്ടതും, രണ്ടാമത്തെയോ പിന്നീടുള്ളതോ ആയ അങ്ങനെയുള്ള യാതൊരു കുറ്റവും ഈ ഖണ്ഡം പ്രകാരം രാജിയാക്കാൻ പാടില്ലാത്തതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ചന്ദനമരങ്ങൾ നടുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി, ഭൂമി പതിച്ചു നൽകുന്ന സമയത്ത് സർക്കാർ റിസർവ് ചെയ്തിട്ടുള്ള അങ്ങനെയുള്ള ഭൂമിയും 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റ് (1986-ലെ 35), 2003-ലെ കേരള വനം (പരിസ്ഥിതിശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്റ്റ് (2005-ലെ 21) എന്നിവ പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള പ്രദേശങ്ങളും ഒഴികെയുള്ള സ്വകാര്യ ഭൂമികളിൽ നിന്ന് ചന്ദനമരങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുവാനും ഭൂവുടമകൾക്ക് വനംവകുപ്പ് മുഖേന അവരുടെ ചന്ദനമരങ്ങൾ വിൽക്കാനുള്ള അനുമതി നൽകുവാനും സർക്കാർ തീരുമാനിച്ചു.

2. പ്രോസിക്യൂഷൻ നടപടി ആരംഭിച്ചതിനു ശേഷം വനം സംബന്ധിച്ച കുറ്റം രാജിയാക്കുന്നതിന് ആക്റ്റിൽ നിലവിൽ വ്യവസ്ഥയില്ലാത്തതാണ്. അതിനാൽ, കോടതിയുടെ അനുമതിയോടുകൂടി ചില കുറ്റങ്ങൾ രാജിയാക്കുന്നതിനുള്ള വ്യവസ്ഥകൾ ആക്റ്റിൽ ഉൾപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചു.

3. ചില വിഭാഗങ്ങളിലുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തുന്നതിനും ഇപ്പോൾ നിലവിലില്ലാത്ത ഉദ്യോഗസ്ഥ വിഭാഗങ്ങളെ ഒഴിവാക്കുന്നതിലേക്കായും "വനം ഉദ്യോഗസ്ഥൻ" എന്നതിന്റെ നിർവ്വചനത്തിൽ ഭേദഗതി വരുത്തുവാൻ കൂടി സർക്കാർ തീരുമാനിച്ചു.

4. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

എ. കെ. ശശീന്ദ്രൻ.

(ശരിത്തർജ്ജമ)

# 1961-ലെ കേരള വന ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1962-ലെ 4)

**  **  **  **

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിലും അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള എല്ലാ ചട്ടങ്ങളിലും സന്ദർഭത്തിന് മറ്റു വിധത്തിൽ ആവശ്യമില്ലാത്തപക്ഷം—

**  **  **  **

(സി) "വനം ഉദ്യോഗസ്ഥൻ" എന്നാൽ ഒരു ചീഫ് കൺസർവേറ്ററായോ, കൺസർവേറ്ററായോ, ഡപ്യൂട്ടി കൺസർവേറ്ററായോ, അസിസ്റ്റന്റ് കൺസർവേറ്ററായോ, ഡിവിഷണൽ ഫാറസ്റ്റ് ആഫീസറായോ, റേഞ്ചറായോ, ഡെപ്യൂട്ടി റേഞ്ചറായോ, ഫാറസ്റ്ററായോ, ഒരു തടി ഡിപ്പോ ആഫീസറായോ, ഫാറസ്റ്റ് ഗാർഡായോ, വനംവക കൃഷിത്തോട്ടത്തിലെ മേസ്തിരിയായോ, വാച്ചറായോ, ഗെയിം വാർഡനായോ, അസിസ്റ്റന്റ് ഗെയിം വാർഡനായോ, ഗെയിം റയിഞ്ചറായോ, ഗെയിം ഫോറസ്റ്ററായോ, ഗെയിം ഗാർഡായോ അല്ലെങ്കിൽ ഈ ആക്റ്റോ അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടമൊ പ്രകാരം വനം ഉദ്യോഗസ്ഥന്റെ ഏതെങ്കിലും കൃത്യം നിർവഹിക്കുവാനായോ, പേരു പറഞ്ഞൊ, ഗവൺമെന്റിന്റെ ഉത്തരവുകൾ മൂലമോ, ഉത്തരവുകൾ പ്രകാരമോ, ഉദ്യോഗം വഹിപ്പാനായോ, നിയമിക്കപ്പെടുന്ന ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു;

**  **  **  **

47 <u>ബി. ചന്ദനമരങ്ങൾ മുറിക്കുന്നതിനും വിൽക്കുന്നതിനും ഉള്ള നിയന്ത്രണം</u>.—

(1) **  **

(2) മരം ഉണങ്ങിപ്പോയതാണെങ്കിലോ അല്ലെങ്കിൽ കാറ്റിൽ വീണതാണെങ്കിലോ അല്ലെങ്കിൽ ജീവനും സ്വത്തിനും അപകടകരമാണെങ്കിലോ അല്ലെങ്കിൽ ആ മരം നിൽക്കുന്ന ഭൂമിയുടെ ഉടമസ്ഥന് തന്റെ സ്വന്തം ഉപയോഗത്തിനായി ഒരു കെട്ടിടം പണിയുന്നതിനായി ആ പ്രദേശം വൃത്തിയാക്കുന്നതിലേക്കായി കഴിയുന്ന തരത്തിൽ മരം മുറിക്കുന്നതിനാണെങ്കിലോ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അനുവാദം നിഷേധിക്കുവാൻ പാടുള്ളതല്ല:

എന്നാൽ (2)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു തീരുമാനം എടുക്കുന്നതിനു മുമ്പായി, ഓരോ ജില്ലയിലും, സർക്കാർ ഈ ആവശ്യത്തിലേക്കായി പ്രാധികാരം ചെയ്തേക്കാവുന്ന മൂന്ന് അംഗങ്ങളടങ്ങിയ ഒരു കമ്മിറ്റിയിൽ നിന്നും ആ സംഗതിയുടെ യഥാർത്ഥ വസ്തുത സംബന്ധിച്ച ഒരു റിപ്പോർട്ട് വാങ്ങിയിരിക്കേണ്ടതാണ്.

** ** ** **

47 ഇ. <u>പ്രാധികാരം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ നൽകേണ്ടതായ വില</u>.—47 ബി വകുപ്പ് പ്രകാരം ഏതെങ്കിലും അളവ് ചന്ദനത്തടി നൽകുകയോ, അല്ലെങ്കിൽ 47 ഡി വകുപ്പ് പ്രകാരം ഏതെങ്കിലും അളവ് ചന്ദനത്തടിയോ, ചന്ദനത്തൈലമോ മടക്കി ഏല്പിക്കുകയോ ചെയ്യുന്നിടത്ത്, സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന അങ്ങനെയുള്ള നിരക്കുകളിൽ, പ്രാധികാരം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ അതിന്റെ വില നൽകേണ്ടതാണ്.

** ** ** **

53. <u>52-ാം വകുപ്പുപ്രകാരം പിടിച്ചെടുത്ത വസ്തു വിട്ടുകൊടുക്കുന്നതിനുള്ള അധികാരം</u>.—റെയിഞ്ചരുടെ സ്ഥാനത്തിന്നു താഴെയല്ലാത്ത ഏതെങ്കിലും വനം ഉദ്യോഗസ്ഥനൊ, അയാളുടെ കീഴുദ്യോഗസ്ഥനൊ 52-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം വല്ല പണിയായുധങ്ങളൊ, വള്ളങ്ങളൊ, വാഹനങ്ങളൊ, കന്നുകാലികളേയൊ പിടിച്ചെടുത്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള വനം ഉദ്യോഗസ്ഥനോ കീഴുദ്യോഗസ്ഥനോ ഏതു കുറ്റത്തിനാണോ പിടിച്ചെടുത്തത് ആ കുറ്റം വിചാരണ ചെയ്യുന്നതിന് അധികാരമുള്ള മജിസ്ട്രേട്ടിന്റെ മുമ്പാകെ, വിട്ടുകൊടുക്കപ്പെട്ട വസ്തു എപ്പോൾ വേണമെങ്കിലും ഹാജരാക്കിക്കൊള്ളാമെന്നതിന് അതിന്റെ ഉടമസ്ഥൻ ഒരു ബോണ്ടെഴുതിക്കൊടുക്കുന്നതായാൽ അങ്ങനെ വിട്ടുകൊടുക്കാവുന്നതാണ്.

** ** ** **

64. <u>63-ാം വകുപ്പുപ്രകാരം അറസ്റ്റ്ചെയ്യുവരെ ജാമ്യത്തിൽ വിടാനുള്ള അധികാരം</u>.—റേഞ്ചരുടെ പദവിക്കു താഴെയല്ലാത്ത ഏതെങ്കിലും വനം ഉദ്യോഗസ്ഥനോ, അയാളുടെ കീഴുദ്യോഗസ്ഥന്മാരോ 63-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം വല്ല ആളേയും അറസ്റ്റ് ചെയ്തിരുന്നാൽ, അങ്ങനെയുള്ള വനം ഉദ്യോഗസ്ഥനോ കീഴുദ്യോഗസ്ഥന്മാർക്കോ ആ കേസ്സിൽ വിചാരണാധികാരമുള്ള മജിസ്ട്രേട്ടിന്റേയോ, അല്ലെങ്കിൽ ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷന്റെ ചാർജ്ജുവഹിക്കുന്ന ഉദ്യോഗസ്ഥന്റെയോ മുമ്പാകെ, എപ്പോൾ വേണമെങ്കിലും ഹാജരായിക്കൊള്ളാമെന്നുള്ളതിലേക്ക് ഒരു ജാമ്യപത്രം അങ്ങനെയുള്ള ആൾ എഴുതിക്കൊടുത്താൽ അയാളെ ജാമ്യത്തിൽ വിട്ടയക്കാവുന്നതാകുന്നു.

** ** ** **

68. <u>കുറ്റങ്ങൾ രാജിയാക്കാനുള്ള അധികാരം</u>.—(1) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ പദവിക്കു താഴെയല്ലാത്ത ഏതൊരു വനം ഉദ്യോഗസ്ഥനും, 62-ാം വകുപ്പോ, 65-ാം വകുപ്പോ പ്രകാരമുള്ളതല്ലാത്ത വനസംബന്ധമായ ഏതെങ്കിലും കുറ്റം ചെയ്തതായി ന്യായമായി സംശയിക്കപ്പെട്ടിരിക്കുന്ന ഏതൊരാളിൽനിന്നും, (അയാൾ) ചെയ്തിരിക്കാവുന്ന കുറ്റത്തിനു നഷ്ടപ്രതിഫലമായി ഒരു തുക സ്വീകരിക്കാവുന്നതും, കണ്ടുകെട്ടാനിടയാകത്തക്കവണ്ണം ഏതെങ്കിലും വസ്തു പിടിച്ചെടുത്തിട്ടുള്ളപക്ഷം അപ്രകാരമുള്ള ഉദ്യോഗസ്ഥൻ അതിനു കണക്കാക്കുന്ന പ്രകാരമുള്ള വില കൊടുത്താൽ അതു വിട്ടുകൊടുക്കുകയോ അല്ലെങ്കിൽ ഗവൺമെന്റിലേക്ക് ആ വസ്തു കണ്ടുകെട്ടുകയോ ചെയ്യാവുന്നതും ആകുന്നു.

**　　　**　　　**　　　**